"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി - സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ക്ലാസ് റൂം നവീകരണത്തിനുള്ള നോഡൽ ഏജൻസിയായി കേരള ആർട്ടിസാൻസ് ഡെവലപ്പമെന്റ് കോർപ്പറേഷനെ (KADCO) നോഡൽ ഏജൻസിയായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

G.O.(Rt)No.3449/2019/GEDN തീയതി,തിരുവനന്തപുരം, 29/08/2019

പരാമർശം:- 1 07/11/2016ലെ സ.ഉ (അച്ചടി)നം.186/2016/പൊവിവ

2 20/05/2017ലെ സ.ഉ (സാധാ)നം.1456/2017/പൊവിവ

3 30/10/2017ലെ സ.ഉ (സാധാ)നം. 4004/2017/പൊവിവ

4 16/07/2019ലെ സ.ഉ.(സാധാ) നം.2874/2019/പൊ.വി.വ

5 17/08/2019ലെ സ.ഉ (സാധാ)നം.3302/19/പൊവിവ

6 01/08/2018ലെ കാഡ്കോ മാനേജിംഗ് ഡയറക്ടറുടെ കത്ത് നം.കാഡ്കോ/എച്ച്.ഒ/എസ്&എസ്.എസ്/2018-19

7 07/08/2019 ലെ ചീഫ് എക്സിക്യൂട്ടീവ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നൽകിയ കത്ത് നം.44/2019/കെഇഎം.

ഉത്തരവ്

പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിനായി രൂപരേഖ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ മികവിന്റെ കേന്ദ്രങ്ങളായി അദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ പദ്ധതി നിർവഹണത്തിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) കൈറ്റിനെ (KITE) ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിന് തുടർച്ചയായി ഭൗതികസാഹചര്യ വികസനത്തിനുവേണ്ടിയുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ഉൾപ്പെടുത്തിയുള്ള സ്കൂളുകളുടെ പദ്ധതി നിർവഹണത്തിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായും കൈറ്റിനെ തന്നെ ചുമതലപ്പെടുത്തി പരാമർശം (3) പ്രകാരം ഉത്തരവ് നൽകിയിട്ടുള്ളതാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം 1000 കുട്ടികളിൽ കൂടുതൽ

കുട്ടികൾ പഠിക്കുന്ന സംസ്ഥാനത്തെ സ്കൂളുകളുടെ നവീകരണത്തിന് എസ്.പി.വി യായി ഇൻകെലിനെയും (INKEL LTD), പരാമർശം (5) പ്രകാരം 500നും 1000 ത്തിനും ഇടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വിയായി 'കില' യെയും (KILA) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ നവീകരിക്കുന്നതിന്റെ ഭാഗമായും, വിദ്യാഭ്യാസ മേഖലയിലെ ക്ലാസ് റൂം നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ് റൂം തയ്യാറാക്കുന്നതിനും നോഡൽ ഏജൻസിയായി കേരള ആർടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ നിശ്ചയിക്കണമെന്ന് കേരള ആർടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (6) പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടു. ഇക്കാര്യം വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) പ്രകാരം സർക്കാരിലേക്ക് ശിപാർശ ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മറ്റ് സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതുപോലെ കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനേയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ് റൂമുകൾ നവീകരിക്കുന്നതിനും, ഫർണ്ണിച്ചർ നിർമ്മാണത്തിനും, ക്ലാസ് റൂം രൂപഘടനയുടെ നവീകരണ പ്രവർത്തനത്തിനുമുള്ള നോഡൽ ഏജൻസിയായി അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
P S KRISHNAKUMAR
ADDITIONAL SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വഴുതക്കാട്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം
വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ഇൻകെൽ ലിമിറ്റഡ്, കാക്കനാട്, കൊച്ചി
ഡയറക്ടർ,കില, മുളങ്കുന്നത്ത് കാവ്, തൃശ്ശൂർ
മാനേജിംഗ് ഡയറക്ടർ, കാഡ്കോ, വഞ്ചിയൂർ, തിരുവനന്തപുരം
ധനകാര്യ വകുപ്പിന്
തദ്ദേശ സ്വയംഭരണ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ഐ&പിആർഡി (വെബ്& ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Namitha. P
സെക്ഷൻ ഓഫീസർ

പകർപ്പ് – പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എയ്ക്ക്